പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിലെ അപര്യാപ്തതകൾ

56 (2265) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ ; അവയുടെ ഓരോന്നിന്റെയും എണ്ണം എത്ര ; വ്യക്തമാക്കാമോ ; അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ടോ ; ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ജില്ലാ ആയുർവേദ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ എത്ര പേർക്കുള്ള കിടത്തി ചികിത്സാ സൗകര്യമാണുള്ളത് ; ഇത്രയും പേരെ ചികിത്സിക്കാനാവശ്യമായത്ര ജീവനക്കാർ ഇവിടെയുണ്ടോ ;

(സി) ആശുപത്രിയിൽ ലിഫ്റ്റോ, റാമ്പോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം ഇവിടെ എത്തുന്ന രോഗികളും കൂട്ടിരിപ്പുകാരും ജീവനക്കാരും ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ലിഫ്റ്റും, റാമ്പും സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ താഴെപ്പറയുന്ന 31 തസ്തികകൾ അനുവദിച്ചിട്ടുണ്ട് :

ചീഫ് മെഡിക്കൽ ഓഫീസർ	-	1
മെഡിക്കൽ ഓഫീസർ	-	1
മെഡിക്കൽ ഓഫീസർ (ജനറൽ)	-	4
നെഴ്സ്	-	8
ഫാർമസിസ്റ്റ്	-	2
സീനിയർ ക്ലാർക്ക്	-	1
ടൈപ്പിസ്റ്റ്-കം-ക്ലാർക്ക്	-	1
ലാബ് ടെക്നീഷ്യൻ	-	1
അറ്റൻഡർ/ഫാർമസിസ്റ്റ്	-	1

LIBRARY ARCHIVES Kerala Legislative Assembly

അറ്റൻഡർ (മർമ്മ)	-	1
നെഴ്സിംഗ് അസിസ്റ്റന്റ്	-	6
ഫുൾടൈം സ്വീപ്പർ	-	1
സാനിട്ടേഷൻ വർക്കർ	-	2
കുക്ക്	-	1

അനുവദിക്കപ്പെട്ട എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരില്ല. ഒഴിവുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

ലാബ് ടെക്നീഷ്യൻ	-	1
നെഴ്സിംഗ് അസിസ്റ്റന്റ്	-	1
സാനിട്ടേഷൻ വർക്കർ	-	2

100 കിടക്കകളോടുകൂടിയ ജില്ലാ ആയുർവേദ ആശുപത്രിക്ക് സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ടി ആശുപത്രിയിൽ 100 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടെങ്കിലും 50 രോഗികൾക്കുള്ള സ്റ്റാഫ് മാത്രമേ നിലവിലുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിച്ചുനൽകേണ്ടത് ജില്ലാ പഞ്ചായത്താണ്. ഇതുസംബന്ധിച്ച് 25,50,000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിൽ നിന്ന് തുകയെടുത്ത് അത്യാവശ്യം ആവശ്യമായ തസ്തികകളിൽ ദിവസ വേതനക്കാരെ ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണം

57 (2266) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ശുപാർശയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly